(ഡി) എല്ലാ കുട്ടികൾക്കും യൂണിഫോം വിതരണം എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) സർക്കാർ സ്കൂളുകളിലെ എ.പി.എൽ. വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം നടത്തുന്നുണ്ട്. എന്നാൽ എയ്ഡഡ് മേഖലയിൽ പഠിക്കുന്ന ഇതേ കാറ്റഗറിയിൽപ്പെട്ട പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം എം.എച്ച്.ആർ.ഡി. മാനദണ്ഡം അനുസരിച്ച് ലഭിക്കുന്നതല്ല. വിവേചനപരമായ ഈ സ്ഥിതിക്ക് പരിഹാരമുണ്ടാക്കുന്നതിനാണ് സംസ്ഥാനത്തെ എയ്ഡഡ് മേഖലയിലെ വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭ്യമാക്കാൻ 4-9-2014-ലെ സ.ഉ.(കൈ) 183/2014/ പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. പുതിയതായി എയ്ഡഡ് സ്കൂളുകളിൽ ചേരുന്ന കുട്ടികൾക്ക് മാത്രം യൂണിഫോമിന്റെ തുകയായ 400 രൂപ ക്രമത്തിൽ വിതരണം ചെയ്യുന്നതിനാണ് ഉത്തരവ് നൽകിയിട്ടുള്ളത്.

(ബി) നിർദ്ധനരായ കുട്ടികൾക്കും മറ്റ് കുട്ടികളോടൊപ്പം യൂണിഫോം അണിഞ്ഞ് എല്ലാ ദിവസവും സ്കൂളിൽ എത്താൻ അവസരമൊരുക്കുന്നതുകൂടാതെ വിദ്യാഭ്യാസ ഗുണനിലവാരവും ഉറപ്പുവരുത്തുന്നു.

(സി&ഡി) 4-9-2014-ലെ സ.ഉ.(കൈ) 183/2014/പൊ.വി.വ. പ്രകാരം പുതിയതായി എയ്ഡഡ് സ്കൂളുകളിൽ ചേരുന്ന കുട്ടികൾക്ക് മാത്രം യൂണിഫോമിന്റെ തുകയായ 400 രൂപ ക്രമത്തിൽ വിതരണം ചെയ്യുന്നതിനാണ് ഉത്തരവ് നൽകിയിട്ടുള്ളത്. തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കക്കയം ജി.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം

77 (1113) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കക്കയം ജലവൈദ്യുത പദ്ധതി പ്രദേശത്തെ ഗവൺമെന്റ് എൽ.പി. സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

2014-15 സാമ്പത്തിക വർഷത്തിൽ കെ.എച്ച്.ഇ.പി., ജി.എൽ.പി. സ്കൂൾ കക്കയത്തിന് സ്കൂളിന് 2 ക്ലാസ്സും, ഒരു യൂണിറ്റ് ടോയ്ലറ്റ് എന്നിവ നിർമ്മിക്കുന്നതിനായി 14.40 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. സ്കൂൾ പ്രധാനാധ്യാപകനും പി.ടി.എ.-യും അടങ്ങുന്ന കമ്മിറ്റി എഗ്രിമെന്റ് വച്ച് പ്രവൃത്തി തുടങ്ങി. 40 ശതമാനം തുകയായ 5.76 ലക്ഷം രൂപ അഡ്വാൻസായി സ്കൂളിന് അനുവദിച്ച് നൽകിയിട്ടുണ്ട്. സ്കൂളിനനുവദിച്ച സ്ഥലം ഒരു കുന്നായതുകൊണ്ട് സ്ഥലം നിരപ്പാക്കി റോഡ് വെട്ടി ഫൗണ്ടേഷനുള്ള കഴിയും എടുത്തിട്ടുണ്ട്. പ്രവൃത്തി നടത്താനുള്ള മെറ്റീരിയൽസും വാങ്ങിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

മാവേലിക്കര മണ്ഡലത്തിലെ വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഉപയോഗശൂന്യമായിക്കിടക്കുന്ന സ്ഥലങ്ങൾ

78 (1114) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഉപയോഗശൂന്യമായിക്കിടക്കുന്ന സ്ഥലങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സ്ഥലങ്ങൾ ഏതെല്ലാം പദ്ധതികൾക്കും ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നതിനാണ് വിദ്യാഭ്യാസ വകുപ്പ് രൂപരേഖ തയ്യാറാക്കിയിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ നല്കുമോ ;

(സി) ഇതുസംബന്ധിച്ച് മണ്ഡലത്തിൽ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഗവ. എൽ.പി.എസ്. ചെന്നിത്തല , ഗവ. എൽ.പി.എസ്. കല്ലിമേൽ, ഗവ. എൽ.പി.എസ്. വഴുവാടി എന്നീ നിർത്തലാക്കിയ സ്കൂളുകളുടെ സ്ഥലം ഉപയോഗശൂന്യമാണ്.

(ബി) 1. നിർത്തലാക്കിയ ഗവ. എൽ.പി.എസ്. ചെന്നിത്തല, ഗവ. എൽ.പി. എസ്. കല്ലിമേൽ എന്നീ സ്കൂളുകളുടെ സ്ഥലം ഉപയോഗിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

2. ഗവ. എൽ.പി.എസ്. വഴുവാടിയുടെ വക സ്ഥലം എക്സൈസ് ഡിപ്പാർട്ടുമെന്റിന് കൈമാറാൻ ബഹു. ജില്ലാ കളക്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly